# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 12-12-2009 മുതൽ 18-12-2009 വരെ)

## വീട്ടമ്മയെ കെട്ടിയിട്ട് മോഷണം നടത്തിയ സംഭവത്തിലെ പ്രധാനിയെ അറസ്റ്റുചെയ്തു.

21-11-2009 തീയതി പേട്ടയിൽ വീട്ടമ്മയെ കെട്ടിയിട്ട് പണവും സ്വർണ്ണാഭരണങ്ങളും, ബെൻസ് കാറും കവർന്ന കേസിലെ പ്രധാനിയും മഹാരാഷ്ട സ്വദേശിയുമായ വികാസ് ഗോഡാജി ചവാനെ പോലീസിന്റെ പ്രത്യേക അന്വേഷണ സംഘം അഹമ്മദ് നഗറിൽനിന്നും 7-12-2009 തീയതി വൈകിട്ട് 7 മണിയോടെ അറസ്റ്റുചെയ്തു.

(Cr. No. 561/09, TVMC, Pettah PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Suresh Kumar CI, Mohan ASI, PCs 2912, 2906, 3301

## സ്ഫോടകവസ്തുശേഖരം പിടികൂടി; രണ്ടുപേർ അറസ്റ്റിൽ

നാട്ടുകൽ പോലീസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 11-12-2009 തീയതി വൈകിട്ട് ഏഴുമണിയോടുകൂടി പൂവ്വത്താണി വട്ടപ്പറമ്പുള്ള ഹംസയുടെ വീട്ടിൽ അനധികൃതമായി സൂക്ഷിച്ചിരുന്ന രണ്ടുകിലോ അമോണിയം നൈട്രേറ്റ്, നിയോജൽ 90 എന്നീ ഉഗ്രസ്ഫോടകവസ്തുക്കളും 41 മീറ്റർ സേഫ്ടി ഫ്യൂസ്, 41 ജലാറ്റിൻ സ്റ്റിക്കുകൾ, 147 ഡിറ്റനേറ്റർ എന്നിവയും നാട്ടുകൽ പോലീസ് പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് ഹംസ, ബീരാൻകുട്ടി എന്നിവരെ അറസ്റ്റുചെയ്തിട്ടുണ്ട്.

(Cr. No. 251/09, PKD, Nattukal PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Manoj SI, Sri. Vijayan ASI, HC 3623, DVR PC 5566

## 525 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

16-12-2009 തീയതി പുലർച്ചെ 1.15 മണിയോടുകൂടി പൂവ്വാർ പോലീസ് കാലുംമുഖം ഭാഗത്ത് വാഹനപരിശോധന നടത്തിവരേവ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട അംബാസിഡർ കാർ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽനിന്നും കന്നാസുകളിലായി ഒളിപ്പിച്ചുവെച്ചനിലയിൽ 525 ലിറ്റർ സ്പിരിറ്റ് പോലീസ് പിടിച്ചെടുത്തു.

(Cr. No. 283/09, TVM RL, Poovar PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. B. K. Sathyadas SI, Sri. Sreedharan ASI, PC 1090, DVR PC 3085

## മോഷണവാഹനം പിടിച്ചെടുത്തു; രണ്ടുപേർ അറസ്റ്റിൽ

18-12-2009 തീയതി രാവിലെ 10 മണിയോടുകൂടി കാഞ്ഞിരപ്പള്ളി പോലീസ് 26-ാം മൈൽ ഭാഗത്ത് വാഹനപരിശോധന നടത്തിവരവെ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട സ്കോർപ്പിയോകാറിനെ തടഞ്ഞുനിർത്തി വിശദമായി ചോദ്യം ചെയ്തതിലും പരിശോധിച്ചതിലും വാഹനം മോഷ്ടിച്ചതാണെന്നു അറിയാൻ കഴിഞ്ഞു തുടർന്ന് പ്രതികളായ സാജൻനായർ, ദിലീപ് എന്നിവരെ അറസ്റ്റുചെയ്തു.

(Cr. No. 529/09, KTM, Kanjirappally PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. M. E. Shajahan CI, Sri. K. R. Manoj SI, Sri. Ravi ASI, Sri. Suresh Kumar ASI, HC 4922

## നിരവധി കേസുകളിലെ പ്രതികൾ അറസ്റ്റിൽ

17-12-2009 തീയതി വെളുപ്പിന് 2 മണിയോടുകൂടി പൊൻകുന്നം പോലീസ് കൂരാലി ഭാഗത്ത് നൈറ്റ് പട്രോൾ ഡ്യൂട്ടിനോക്കിവരവേ സംശയാസ്പദമായ രീതിയിൽ കണ്ട രണ്ടുപേരെ കസ്റ്റഡിയിലെടുത്തു വിശദമായി ചോദ്യം ചെയ്തതിൽ ടിയാൻമാർ കോട്ടയം, ഇടുക്കി ജില്ലകളിലായി 15 ഓളം മോഷണക്കേസുകളിൽ പ്രതികളാണെന്നു വെളിവായതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് സ്വദേശികളായ ശരവണ പാണ്ഡ്യനെയും, നടേശ്വരനെയും അറസ്റ്റുചെയ്തു.

(Cr. No. 596/09, KTM, Ponkunnam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.P.R. Santhosh SI, HCs 4922, 4679, 4927, PCs 6413, 6581

## ചീട്ടുകളി സംഘം പിടിയിൽ

ചാവക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പാലംകടവ് പറമ്പിൽ സ്ഥിതിചെയ്യുന്ന ഒരു ഷെഡ്ഡിൽ വൻതുകവച്ച് ചീട്ടുകളിയിലേർപ്പെട്ടിരുന്ന മുഹമ്മദ് ഹൈദ്രാലി, ഇക്ബാൽ, അനസ് എന്നിവരെ പോലീസ് 16-12-2009 തീയതി വൈകിട്ട് 6 മണിയോടുകൂടി റെയ്ഡുചെയ്ത് പിടികൂടി.

(Cr. No. 960/09, TSR, Chavakkad PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Abdul Muneer SI, PCs 4628, 5579, 4578 DVRPC 288

## മന്ത്രിയുടെ നഷ്ടപ്പെട്ട പേഴ്സ് കണ്ടെടുത്ത് തിരിച്ചുനൽകി

12-12-2009 തീയതി കണ്ണൂരിൽനിന്നും തിരുവനന്തപുരത്തേക്ക് മാവേലി എക്സ്പ്രസിൽ വന്ന ബഹു. ഭക്ഷ്യമന്ത്രിയുടെ ID കാർഡും, രൂപയും അടങ്ങുന്ന പേഴ്സ് ട്രെയിനിൽ മറന്നുവച്ചശേഷം തിരുവനന്തപുരം റയിൽവേ സ്റ്റേഷനിൽ ഇറങ്ങി. മണിക്കൂറുകൾക്കുശേഷം മന്ത്രിയുടെ പേഴ്സ് നഷ്ടപ്പെട്ടവിവരം അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി റെയിൽ അലർട്ടിനെ അറിയിച്ചതുപ്രകാരം റെയിൽ അലർട്ട് നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ റെയിൽവേ പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഫലമായി പേഴ്സ് കണ്ടെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ തിരിച്ചേൽപ്പിച്ചു.

(Rail Alert)

ബന്ധപ്പെട്ട ഉദ്യോഗസൻ PC 10448